പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 386 — 29.06.2015-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിന്റെ കടവും വരുമാനവും ചാർജ്ജ് കുടിശ്ശികയും.

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലവിലെ കടം എത്രയാണെന്ന് വിശദമാക്കുമോ ; ഇതിൽ ഹ്രസ്വകാല-ദീർഘകാല വായ്പകൾ എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ 31.03.2015-ലെ വായ്പ ഇനത്തിലുള്ള കടത്തിന്റെ ഇനം തിരിച്ചുള്ള താത്കാലിക കണക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ദീർഘകാല വായ്പ | 1134.26 കോടി |
| 2 | മദ്ധ്യകാല വായ്പ | 566.67 കോടി |
| 3 | ഹ്രസ്വകാല വായ്പ | 2400.00 കോടി |
| 4 | ഓവർഡ്രാഫ്റ്റ് ഇനം | 1701.89 കോടി |
| | ആകെ | 5802.82 കോടി |

(ബി) വായ്പ പലിശയിനത്തിൽ ഓരോ വർഷവും ബോർഡിനുണ്ടാവുന്ന ചെലവ് വ്യക്തമാക്കുമോ ;

ബി) വായ്പ പലിശയിനത്തിൽ ബോർഡിനുണ്ടായ ചെലവ് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 2011 - 2012 | 210.88 |
| 2012-2013 | 350.30 |
| 2013-2014 | 564.98 |
| 2014-2015 | 609.44 |

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ബോർഡ് എത്ര രൂപയുടെ കടമെടുത്തിട്ടുണ്ട് എന്നും അത് എവിടെനിന്നാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 2011-12 മുതൽ 2014-15 വരെ ബോർഡ് എടുത്തിട്ടുള്ള വായ്പയുടെ വിവരം ചുവടെ ചേർക്കുന്നു. വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്.

| സാമ്പത്തിക വർഷം | തുക (കോടിയിൽ) |
|---|---|
| 2011 - 2012 | 1380.26 |
| 2012-2013 | 2499.35 |
| 2013-2014 | 3301.86 |
| 2014-2015 | 3324.29 |

(ഡി) ചാർജ്ജ് വർദ്ധന, സർചാർജ്ജ് ഇനത്തിൽ കഴിഞ്ഞ നാലു വർഷം കൊണ്ട് ബോർഡിനുണ്ടായ അധിക വരുമാനം വർഷം തിരിച്ച് വ്യക്തമാക്കുമോ ;

ഡി) കഴിഞ്ഞ 4 വർഷത്തെ ബോർഡിന്റെ വരുമാനം ചുവടെ ചേർക്കുന്നു. വിവിധ വിഭാഗത്തിലുണ്ടായ വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവ്, നിരക്ക് വർദ്ധനവ്, സർചാർജ്ജ് എന്നീ ഇനങ്ങൾ ഉൾപ്പെടുന്നതാണ് ഈ വരുമാനം.

| സാമ്പത്തിക വർഷം | വിറ്റ യൂണിറ്റ് (മില്യൺ യൂണിറ്റ്) | വരുമാനം തുക (കോടിയിൽ) |
|---|---|---|
| 2010 - 2011 | 14678.14 | 5403.76 |
| 2011-2012 | 16181.63 | 5817.82 |
| 2012-2013 | 16838.24 | 7446.98 |
| 2013-2014 | 17454.04 | 9974.19 |

(ഇ) ബോർഡിന് കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഇ) 2013-14-ലെ താത്കാലിക കണക്ക് പ്രകാരം ഏകദേശം 1776.09 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്